## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 70 28.09.2016-ന് മറുപടിയ്ക്ക്**

## വനപരിപാലനം

**ചോദ്യം**

ശ്രീ. വി.എസ്. ശിവകുമാർ
ശ്രീ. പി.ടി. തോമസ്
ശ്രീ. കെ.എസ്.ശബരീനാഥൻ
ശ്രീ. റോജി. എം. ജോൺ

**മറുപടി**

ശ്രീ. കെ. രാജു
(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| | | | നിലവിലുള്ള വനങ്ങളുടെ സംരക്ഷണത്തിന് വനം വകുപ്പ് നടപ്പാക്കിവരുന്ന കർമ്മ പദ്ധതികൾ ചുവടെ ചേർക്കുന്നു. |
| (എ) | നിലവിലുള്ള വനങ്ങളുടെ പരിപാലനത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്യാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (എ) | **1.സ്വാഭാവിക വനങ്ങളുടെ പരിപാലനം**: വനങ്ങളുടെ സർവ്വേയും സ്ഥിരം ജണ്ടകൾ, പ്രത്യേക പ്രദേശങ്ങളിൽ കരിങ്കൽ മതിലുകൾ കെട്ടൽ എന്നിവ മുഖേന അതിർത്തിതിരിക്കലും കൈയ്യേറ്റത്തിൽ നിന്നും മറ്റ് നിയമ വിരുദ്ധ പ്രവർത്തികളിൽ നിന്നും വനങ്ങളുടെ സംരക്ഷണം. കാട്ടുതീ നിയന്ത്രണം, കഞ്ചാവ് കൃഷി തടയൽ, വന സംരക്ഷണ സമിതികളുടെയും, സർക്കാരിതര സംഘടനകളുടെയും സജീവ പങ്കാളിത്തത്തോടെയുള്ള പങ്കാളിത്ത വനപരിപാലനം, ചന്ദന വനങ്ങളുടെയും, ചോലവനങ്ങളുടെയും സംരക്ഷണം. വയർലെസ്സ് സാങ്കേതിക വിദ്യ നടപ്പാക്കൽ, ദ്രുതകർമ്മ സേന ശക്തിപ്പെടുത്തൽ, മണ്ണ് സംരക്ഷണം തുടങ്ങിയവ പ്രധാന വനപരിപാലന പ്രവർത്തനങ്ങളാണ്.<br><br>2.നശിച്ചുപോയ വനത്തിനു പകരം വനം വച്ചുപിടിപ്പിക്കലും ഔഷധ-സസ്യ പരിപാലനവും: വിവിധ പരിപാടികളിലായി മുൻവർഷങ്ങളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നശിച്ചുപോയ വനങ്ങൾ മെച്ചപ്പെടുത്തുന്ന പദ്ധതി തുടർന്നും നടപ്പിലാക്കുന്നതാണ്. നശിച്ചുപോയ വനങ്ങൾ വച്ചുപിടിപ്പിക്കുകയും മുൻവർഷങ്ങളിൽ വച്ചുപിടിപ്പിച്ചിട്ടുള്ള പ്രദേശത്ത് തൈകളെ സംരക്ഷിക്കുന്നതിനും ലക്ഷ്യമിട്ടിട്ടുമുണ്ട്. കൂടാതെ, പരിസ്ഥിതിയുമായി ബന്ധപ്പെട്ട അപൂർവ്വങ്ങളായ ചോലവനങ്ങൾ, ചന്ദനമരപ്രദേശം, കണ്ടൽക്കാടുകൾ; മറ്റു പ്രത്യേക പ്രദേശങ്ങളിലെ ആവാസവ്യവസ്ഥ സംരക്ഷണം എന്നിവയും കാട്ടുതീ തടയൽ എന്നിവയും ഫലപ്രദമായി ചെയ്തുവരുന്നു.<br><br>3.തോട്ടങ്ങളുടെ ഉൽപ്പാദക്ഷമത വർദ്ധിപ്പിക്കൽ: നിലവിലുള്ള വൻമര (ദ്രുഢദാരു) തോട്ടങ്ങളുടെയും വ്യാവസായിക അസംസ്കൃത വസ്തുക്കൾ ഉൽപാദിപ്പിക്കുന്ന |

| | | | |
|---|---|---|---|
| | | | തോട്ടങ്ങളുടെയും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുക, കൃഷിയുമായി സംയോജിപ്പിച്ച് വനവൽക്കരണ പ്രവർത്തനങ്ങളും സമ്പ്രദായങ്ങളും പ്രോത്സാഹിപ്പിക്കുക. ശരിയായ പ്രദേശങ്ങളിൽ പുതിയ തോട്ടങ്ങൾ വച്ചുപിടിപ്പിക്കുക വിവിധ ഉപയോഗങ്ങളുള്ളതും തദ്ദേശീയവുമായ കട്ടികുറഞ്ഞ തടിയുള്ള ഇനങ്ങൾ കൃഷി ചെയ്ത് പരമാവധി ഉല്പാദനക്ഷമത ലഭ്യമാക്കുക എന്നിവ ലക്ഷ്യമിട്ട് പ്രവർത്തിക്കുന്നു.<br><br>4. **അടിസ്ഥാന സൗകര്യ വികസനം** :<br>വനപരിപാലനവും വനസംരക്ഷണവും നടത്തപ്പെടുന്നതിലേയ്ക്കായി ഫോറസ്റ്റ് സ്റ്റേഷനുകൾക്ക് ആവശ്യമായ കെട്ടിട നിർമ്മാണം, നിലവിലുള്ളവയുടെ അറ്റകുറ്റപ്പണി, വനം റോഡുകളുടെ പരിപാലനം, പശ്ചാത്തലസൗകര്യം ഒരിക്കൽ എന്നിവ ഈ പദ്ധതി ഘടകത്തിലൂടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. |
| (ബി) | നിലവിലുള്ള പദ്ധതികൾ തുടരാനും കൂടുതൽ ശക്തിപ്പെടുത്തുവാനും തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (ബി) | നിലവിലുള്ള പദ്ധതികൾ തുടരുന്നതിനും ശക്തിപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുള്ളതിനെതുടർന്ന് തൻവർഷത്തിൽ വിവിധ ബഡ്ജറ്റ് ശീർഷകങ്ങളിലായി (പദ്ധതി) തുക വകയിരുത്തി അവ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. വിവിധ പരിപാടികളിലായി മുൻവർഷങ്ങളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നശിച്ചുപോയ വനങ്ങൾ മെച്ചപ്പെടുത്തുന്ന പദ്ധതി തുടർന്നും നടപ്പിലാക്കുന്നതാണ്. നശിച്ചുപോയ വനങ്ങൾ വച്ചുപിടിപ്പിടിപ്പിക്കുകയും മുൻവർഷങ്ങളിൽ വച്ചുപിടിപ്പിച്ചിട്ടുള്ള പ്രദേശത്ത് തൈകളെ സംരക്ഷിക്കുന്നതിനും ലക്ഷ്യമിട്ടിട്ടുമുണ്ട്. മുൻകാലങ്ങളിൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നശിച്ചുപോയ വനംവെച്ചുപിടിപ്പിച്ചിട്ടുണ്ട്. ഈ പ്രദേശങ്ങളിലെ കാട്ടുതീ തടയൽ അത്യന്താപേക്ഷിതമാണ്. വന സംരക്ഷണ സമിതിയിലൂടെ ഈ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. |
| (സി) | വനങ്ങളുടെ പരിപാലനത്തിനായി ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ? | (സി) | വനങ്ങളുടെ പരിപാലനത്തിനായി ആധുനിക ഉപകരണങ്ങൾ വാങ്ങുക വഴി ,ജീവനക്കാർക്ക് ആധുനിക രീതിയിലുള്ള പരിശീലനം നൽകുക വഴി വനങ്ങളുടെ പരിശീലനം യന്ത്രവത്കരിക്കുക, പൈലറ്റ് അടിസ്ഥാനത്തിൽ എല്ലാ ഫോറസ്റ്റ് ഡിവിഷനിലും മാതൃകാ ക്ളോണൽ തോട്ടങ്ങൾ വച്ചുപിടിപ്പിക്കുക തുടങ്ങിയ പ്രധാന.പദ്ധതികൾ ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്നു<br><br>കൂടാതെ വനങ്ങളുടെ സംരക്ഷണത്തിന് ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾബഹു.ഗവർണർ 24.06.2016 -ൽ |

നിയമസഭയിൽ ചെയ്ത പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുണ്ട്.അവ ചുവടെ ചേർക്കുന്നു.

1. സാമൂഹ്യവനവൽക്കരണത്തിന് പ്രത്യേക ഊന്നൽ വൃക്ഷങ്ങൾ ഫലവൃക്ഷങ്ങൾ .ഔഷധച്ചെടികൾ എന്നിവയുടെ നടീൽ പ്രോൽസാഹിപ്പിക്കൽ

2. സ്വകാര്യ ഭൂമിയിൽ വൃക്ഷത്തൈ വച്ചുപിടിപ്പിക്കുന്നതിന് പ്രോൽസാഹനം നൽകുന്ന പദ്ധതി.

3. ഇക്കോട്ടൂറിസവുമായി ബന്ധപ്പെട്ട് വനമേഖലയിലെ സന്ദർശനങ്ങൾ കൊണ്ട് വനമേഖലയിൽ ഉണ്ടാകുന്ന ആഘാതങ്ങളുടെ ശാസ്ത്രീയ പഠനം.

4. അവശേഷിക്കുന്ന വനമേഖലയിൽകൂടി ഫോറസ്റ്റ് സ്റ്റേഷനുകൾ വ്യാപിപ്പിക്കൽ

5. വനാതിർത്തി വേർതിരിക്കുന്ന പ്രക്രിയ പൂർത്തിയാക്കൽ

6. വനമേഖലയിൽ സ്ഥിരമായ ജാഗ്രത പുലർത്തുന്നതിനും നിരീക്ഷണത്തിനും ക്യാമറകൾ സ്ഥാപിക്കൽ.

7. വനമേഖലയിൽ വാർത്താവിനിമയ ശൃംഖല ശക്തിപ്പെടുത്തൽ

8. വയനാട് ജില്ലയെ കാർബൺ തുലിതമായി മാറ്റുന്നതിനുള്ള പദ്ധതി

9. മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർ ഷം ലഘൂകരിക്കുന്നതിനുള്ള വനാതിർത്തിയിലൂടെയുള്ള വേലി നിർമ്മാണം -കേരള ഇൻഫ്രാ സ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കെ.ഐ.ഐ എഫ്.ബി.) യുടെ ധനസഹായത്തോട്ടുകൂടി സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് പ്ലാനിൽ (Anti-recession package) നടപ്പാക്കുന്ന പദ്ധതി.

**സെക്ഷൻ ഓഫീസർ**